**HADIA CSE Khutba Notes (06.03.2020)**

ഈമാനിന് മൂർച്ച കൂട്ടുക

ഇന്ത്യ പരമ്പരാഗതമായി ഒരു മതേതര ജനാധിപത്യ രാജ്യമാണ്. അതിന്റെ മഹനീയ പാരമ്പര്യം അയ്യായിരത്തിലധികം കൊല്ലങ്ങൾക്കപ്പുറത്തേക്ക് വേരുകൾ ആഴ്ത്തി നിൽക്കുന്നു. അതുകൊണ്ട് തന്നെ ആര് എത്ര ശ്രമിച്ചാലും അത്ര പെട്ടെന്നൊന്നും നമ്മുടെ രാജ്യത്തിന്റെ സ്വഭാവമോ ജൈവഗുണമോ മാറ്റി മറിക്കാൻ സാധിക്കുകയില്ല. പ്രത്യേകിച്ച് ഇന്ത്യയിലെ വലിയ ഒരു ശതമാനം ഹിന്ദുക്കളും അമുസ്ലിംകളും മതേതരത്വത്തെയും വൈവിധ്യത്തെയും ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന സ്ഥിതിക്ക്. എന്നിരുന്നാലും ശത്രുക്കൾക്കെതിരെ ചില ശ്രദ്ധയും ജാഗ്രതയും നാം മുസ്ലിംകൾക്ക് ഉണ്ടായേ തീരൂ എന്നാണ് ഇക്കഴിഞ്ഞ ഡൽഹി വംശഹത്യ നൽകുന്ന വലിയൊരു പാഠം. ഏകദേശം 30 മണിക്കൂറോളം നേരം നീണ്ടു നിന്ന വർഗീയ ആക്രമണത്തിനിടക്ക് 14000 ഫോൺ വിളികളാണത്രേ വിവിധ പോലീസ് സ്റ്റേഷനുകളിലേക്ക് വന്നത്. ദൗർഭാഗ്യവശാൽ വേണ്ട പ്രതികരണം ഇരകൾക്ക് ലഭിക്കുകയുണ്ടായില്ല. ഭരണകൂടമോ കോടതികളോ അല്ല, പ്രതിരോധത്തിന് നമ്മൾ മാത്രമേ ആവശ്യം വരുമ്പോൾ നമുക്ക് ഉണ്ടാവൂ എന്നല്ലേ ഇതിൽ നിന്ന് മനസ്സിലാകുന്നത്! അതുകൊണ്ട് ഒരു സഹായിയെയും കാത്തു നിൽക്കാതെ സ്വയം ചില പ്രതിരോധങ്ങൾ കരുതി വക്കൽ നമ്മെ സംബന്ധിച്ചിടത്തോളം അനിവാര്യമായിരിക്കുന്നു. അങ്ങനെ ആണല്ലോ ഖുർആന്റെ ആഹ്വാനം.

**وَأَعِدُّوا لَهُمْ مَا اسْتَطَعْتُمْ مِنْ قُوَّةٍ وَمِنْ رِبَاطِ الْخَيْلِ تُرْهِبُونَ بِهِ عَدُوَّ اللَّهِ وَعَدُوَّكُمْ وَآخَرِينَ مِنْ دُونِهِمْ لَا تَعْلَمُونَهُمُ اللَّهُ يَعْلَمُهُمْ وَمَا تُنْفِقُوا مِنْ شَيْءٍ فِي سَبِيلِ اللَّهِ يُوَفَّ إِلَيْكُمْ وَأَنْتُمْ لَا تُظْلَمُونَ (الانفال)**

ആയത്തിൽ പറഞ്ഞ ഖുവ്വത്ത് കൊണ്ടുള്ള ഉദ്ധേശ്യം അമ്പെയ്ത്ത് പഠിക്കലാണെന്ന് പ്രവാചകൻ (സ) വ്യാഖ്യാനിച്ചിട്ടുണ്ട്. അന്നത്തെ വളരെ പ്രധാനപ്പെട്ട ഒരു പ്രതിരോധ മാർഗമായിരുന്നല്ലോ അത്.

**عُقْبَةَ بْنَ عَامِرٍ يَقُولُ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ وَهُوَ عَلَى الْمِنْبَرِ { وَأَعِدُّوا لَهُمْ مَا اسْتَطَعْتُمْ مِنْ قُوَّةٍ } أَلَا إِنَّ الْقُوَّةَ الرَّمْيُ أَلَا إِنَّ الْقُوَّةَ الرَّمْيُ أَلَا إِنَّ الْقُوَّةَ الرَّمْيُ (مسلم)**

ഇങ്ങനെ നാമിപ്പോൾ അവശ്യം സജ്ജമാക്കേണ്ടി വക്കേണ്ട കാര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് നമ്മുടെ വിശ്വാസത്തെ (ഈമാൻ) മിനുക്കി എടുത്ത് അതിനെ വർധിപ്പിക്കുക എന്നത്. അടിസ്ഥാനപരമായി, ചില കാര്യങ്ങൾ വിശ്വസിക്കുക എന്ന അർഥത്തിൽ ഈമാൻ കൂടുകയോ കുറയുകയോ ചെയ്യാത്ത ഒന്നാണ്. പക്ഷേ അതിന്റെ ബലം, ദൃഢത, ഫലങ്ങൾ, പൂർണത തുടങ്ങിയവ പരിഗണിക്കുമ്പോൾ ഈമാൻ വർധിക്കുകയും കുറയുകയും ചെയ്യുന്ന ഒന്നാണ്. അതു കൊണ്ടാണല്ലോ സഹീഹ് ബുഖാരിയുടെ തുടക്കത്തിൽ ഇമാം ബുഖാരി (റ) പറഞ്ഞത്:

**بَاب الْايمَان وَقَوْلُ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ بُنِيَ الْإِسْلَامُ عَلَى خَمْسٍ وَهُوَ قَوْلٌ وَفِعْلٌ وَيَزِيدُ وَيَنْقُصُ قَالَ اللَّهُ تَعَالَى{لِيَزْدَادُوا إِيمَانًا مَعَ إِيمَانِهِمْ}{وَزِدْنَاهُمْ هُدًى}{وَيَزِيدُ اللَّهُ الَّذِينَ اهْتَدَوْا هُدًى}{وَالَّذِينَ اهْتَدَوْا زَادَهُمْ هُدًى وَآتَاهُمْ تَقْوَاهُمْ}{وَيَزْدَادَ الَّذِينَ آمَنُوا إِيمَانًا}وَقَوْلُهُ{أَيُّكُمْ زَادَتْهُ هَذِهِ إِيمَانًا فَأَمَّا الَّذِينَ آمَنُوا فَزَادَتْهُمْ إِيمَانًا}وَقَوْلُهُ جَلَّ ذِكْرُهُ{فَاخْشَوْهُمْ فَزَادَهُمْ إِيمَانًا}وَقَوْلُهُ تَعَالَى{وَمَا زَادَهُمْ إِلَّا إِيمَانًا وَتَسْلِيمًا} وَكَتَبَ عُمَرُ بْنُ عَبْدِ الْعَزِيزِ إِلَى عَدِيِّ بْنِ عَدِيٍّ إِنَّ لِلْإِيمَانِ فَرَائِضَ وَشَرَائِعَ وَحُدُودًا وَسُنَنًا فَمَنْ اسْتَكْمَلَهَا اسْتَكْمَلَ الْإِيمَانَ وَمَنْ لَمْ يَسْتَكْمِلْهَا لَمْ يَسْتَكْمِلْ الْإِيمَانَ فَإِنْ أَعِشْ فَسَأُبَيِّنُهَا لَكُمْ حَتَّى تَعْمَلُوا بِهَا وَإِنْ أَمُتْ فَمَا أَنَا عَلَى صُحْبَتِكُمْ بِحَرِيصٍ.**

മഹാനവറുകൾ പറയുമായിരുന്നു:

**HADIA CSE Khutba Notes (06.03.2020)**

ഈമാനിന് മൂർച്ച കൂട്ടുക

**عن البخاري قال: لقيت أكثر من ألف رجل من العلماء بالأمصار فما رأيت أحدا منهم يختلف في أن الإيمان قول وعمل، ويزيد وينقص.وأطنب ابن أبي حاتم واللالكائي في نقل ذلك، بالأسانيد عن جمع كثير من الصحابة والتابعين، وكل من يدور عليه الإجماع من الصحابة والتابعين.وحكاه فضيل بن عياض ووكيع عن أهل السنة والجماعة.وقال الحاكم في مناقب الشافعي: حدثنا أبو العباس الأصم أخبرنا الربيع قال: سمعت الشافعي يقول: الإيمان قول وعمل، ويزيد وينقص (فتح الباري)**

ഇതു തന്നെയാണ് അഹ്ലുസ്സുന്നത്തി വൽജമാഅത്തിന്റെ പക്ഷവും (ഫത്ഹുൽ ബാരി). ഈമാനിനെ ഒരു വസ്ത്രത്തോടാണ് പ്രവാചകൻ (സ) ഉപമിച്ചിട്ടുള്ളത്. അതുകൊണ്ട് വസ്ത്രം നുരുമ്പുന്നത് പോലെ വിശ്വാസത്തിനും നുരുമ്പൽ സംഭവിക്കാം.

**عَنْ عَبْدِ اللهِ بْنِ عَمْرِو بْنِ الْعَاصِ ، قَالَ : قَالَ رَسُولُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : إِنَّ الإِيمَانَ لَيَخْلَقُ فِي جَوْفِ أَحَدِكُمْ كَمَا يَخْلَقُ الثَّوْبُ الْخَلِقُ ، فَاسْأَلُوا اللَّهَ أَنْ يُجَدِّدَ الإِيمَانَ فِي قُلُوبِكُم (حاكم)**

അതുപോലെ നാം വസ്ത്രം ഊരിമാറ്റുന്ന പോലെ ഈമാനും ഊരിമാറ്റപ്പെടാം. നിരവധി ഹദീസുകളിൽ നിന്ന് ഇക്കാര്യം വ്യക്തമാണ്.

**أَبِي هُرَيْرَةَ أَنَّ النَّبِيَّ ﷺ قَالَ: لا يَزْنِي الزَّانِي حِينَ يَزْنِي وَهُوَ مُؤْمِنٌ، وَلا يَشْرَبُ الْخَمْرَ حِينَ يَشْرَبُهَا وَهُوَ مُؤْمِنٌ، وَلا يَسْرِقُ السَّارِقُ حِينَ يَسْرِقُ وَهُوَ مُؤْمِنٌ (متفق عليه).**

മുആദ് (റ) കൂടെ ഉള്ളവരോട് ഇടക്ക് പറയുമായിരുന്നു: വരൂ, നമുക്ക് അൽപ നേരം ഒരു മുഅമിൻ ആകാം. നാം ആലോചിച്ചു നോക്കുക, നമ്മളും വിശ്വാസികളാണ്. അതുപോലെ സ്വഹാബത്തും വിശ്വാസികളാണ്. പക്ഷേ, രണ്ടു വിഭാഗത്തിന്റെയും വിശ്വാസം തമ്മിൽ വലിയ വ്യത്യാസമുണ്ടായിരുന്നല്ലോ. ഉദാഹരണത്തിന് സഅദ് ബിൻ മുആദ് (റ). മുപ്പതാം വയസ്സിലാണ് അദ്ധേഹം വിശ്വാസി ആവുന്നത്. 36 ൽ മരണപ്പെട്ടു. കേവലം 6 കൊല്ലം മാത്രമാണ് വിശ്വാസിയായി ജീവിച്ചത്. പക്ഷേ, അദ്ധേഹത്തിന്റെ മഹത്വം എത്ര വലുതായിരുന്നു!

**عن جابر بن عبد الله ، قال : جاء جبريل عليه السلام إلى رسول الله ﷺ فقال : من هذا العبد الصالح الذي مات ففتحت له أبواب السماء ، وتحرك له العرش ؟ قال : فخرج رسول الله صلى الله عليه وسلم ، فإذا سعد بن معاذ.**

**لَمَّا نَامَ رَسُولُ اللهِ ﷺ حِينَ أَمْسَى ، أَتَاهُ جِبْرِيلُ ، أَوْ قَالَ : مَلَكٌ ، فَقَالَ : مَنْ رَجُلٌ مِنْ أُمَّتِكَ مَاتَ اللَّيْلَةَ ، اسْتَبْشَرَ بِمَوْتِهِ أَهْلُ السَّمَاءِ ؟ فَقَالَ : لاَ ، إِلاَّ أَنْ يَكُونَ سَعْدٌ ، فَإِنَّهُ أَمْسَى دَنِفًا ،**

**مَا فَعَلَ سَعْدٌ ؟ قَالُوا : يَا رَسُولَ اللهِ ، قَدْ قُبِضَ ، وَجَاءَ قَوْمُهُ فَاحْتَمَلُوهُ إِلَى دَارِهِمْ ، قَالَ : فَصَلَّى رَسُولُ اللهِ ﷺ الْفَجْرَ ، ثُمَّ خَرَجَ ، وَخَرَجَ النَّاسُ ، فَبَتَّ رَسُولُ اللهِ ﷺ النَّاسَ مَشْيًا ، حَتَّى إِنَّ شُسُوعَ نِعَالِهِمْ لَتُقْطَعُ مِنْ أَرْجُلِهِمْ ، وَإِنَّ أَرْدِيَتَهُمْ لَتَسْقُطُ عَنْ عَوَاتِقِهِمْ ، فَقَالَ رَجُلٌ : يَا رَسُولَ اللهِ ، بَتَتَّ النَّاسَ ، فَقَالَ : إِنِّي أَخْشَى أَنْ تَسْبِقَنَا إِلَيْهِ الْمَلاَئِكَةُ كَمَا سَبَقَتْنَا إِلَى حَنْظَلَةَ.**

**قَالَ مُحَمَّدٌ : فَأَخْبَرَنِي أَشْعَثُ بْنُ إِسْحَاقَ ، قَالَ : فَحَضَرَهُ رَسُولُ اللهِ ﷺ وَهُوَ يُغَسَّلُ ، قَالَ : فَقَبَضَ رَسُولُ اللهِ ﷺ رُكْبَتَيْهِ ، فَقَالَ : دَخَلَ مَلَكٌ وَلَمْ يَكُنْ لَهُ مَجْلِسٌ ، فَأَوْسَعْتُ لَهُ ، وَأُمُّهُ تَبْكِي**

**فَقَالَ رَسُولُ اللهِ ﷺ : كُلُّ الْبَوَاكِي يَكْذِبْنَ إِلاَّ أُمَّ سَعْدٍ ، قَالَ مُحَمَّدٌ : وَقَالَ نَاسٌ مِنْ أَصْحَابِنَا : إِنَّ رَسُولَ اللهِ ﷺ لَمَّا خَرَجَ لِجِنَازَتِهِ ، قَالَ نَاسٌ مِنَ الْمُنَافِقِينَ : مَا أَخَفَّ سَرِيرَ سَعْدٍ ، أَوْ جِنَازَةَ سَعْدٍ ؟**

## HADIA CSE Khutba Notes (06.03.2020)

ഈമാനിന് മൂർച്ച കൂട്ടുക

قَالَ : فَحَدَّثَنِي سَعْدُ بْنُ إِبْرَاهِيمَ ، أَنَّ رَسُولَ اللهِ ﷺ ، قَالَ يَوْمَ مَاتَ سَعْدٌ : لَقَدْ نَزَلَ سَبْعُونَ أَلْفَ مَلَكٍ شَهِدُوا جِنَازَةَ سَعْدٍ ، مَا وَطِئُوا الأَرْضَ قَبْلَ يَوْمَئِذٍ (ابن ابي شيبة)

കേവലം 36 വയസ്സുള്ള ഒരു ചെറുപ്പക്കാരന്റെ മഹത്വമാണിത്. പ്രവാചകൻ പറഞ്ഞിരുന്നു: സഅദിന്റെ കയ്യിലുള്ള തൂവാല ഭൗതിക ലോകത്തേക്കാളും അതിലുള്ള എല്ലാ വസ്തുക്കളെക്കാളും ഉത്തമമാണ്. എന്താണ് കാരണം? വിശ്വാസത്തിന്റെ ശക്തി. അതുപോലെ മഹാനായ അബ്ദുല്ലാഹി ബ്നു ഹുദാഫ(റ).

عن ابن عباس ، قال : أسرت الروم عبد الله بن حذافة السهمي صاحب النبي ﷺ ، فقال له الطاغية : تنصر وإلا ألقيتك في البقرة من نحاس ، قال : افعل ، فدعا بالبقرة النحاس فملئت زيتا وغليت ودعا برجل من أسارى المسلمين ، فعرض عليه النصرانية فأبى فألقاه في البقرة فإذا عظامه تلوح فقال لعبد الله : تنصر وإلا ألقيتك ، فقال : ما أفعل ، فأمر به أن يلقى في البقرة فكتفوه فبكى ، فقالوا : قد جزع قد بكى ، قال : ردوه قال له : لا ترى أني بكيت جزعا مما تريد أن تصنع بي ، ولكني بكيت حين ليس لي إلا نفس واحدة يفعل بها هذا في الله ، كنت أحب أن يكون لي من الأنفس عدد كل شعرة في ، ثم تسلط علي فتفعل بي هذا ، قال : فأعجب منه وأحب أن يطلقه قال : قبل رأسي وأطلقك قال : ما أفعل ، قال : تنصر وأزوجك ابنتي وأقاسمك ملكي قال : ما أفعل ، قال : قبل رأسي وأطلقك ، وأطلق معك ثمانين من المسلمين ، قال : أما هذه فنعم ، فقبل رأسه ، فأطلقه وأطلق معه ثمانين من المسلمين ، فلما قدموا على عمر بن الخطاب ، قام إليه عمر فقبل رأسه ، قال : فكان أصحاب رسول الله ﷺ يمازحون عبد الله فيقولون : قبلت رأس علج (اي رجل من العجم) ، فيقول لهم : « أطلق الله بتلك القبلة ثمانين من المسلمين » (معرفة الصحابة)

ഇത്തരത്തിലുള്ള വിശ്വാസമാണ് ഇനി മുതൽ നമുക്കാവശ്യം. അല്ലാതെ നമ്മുടെ സൗകര്യവും സുഖവും പരിഗണിച്ചുള്ള ഈമാനല്ല. അത് കൈക്കൊള്ളാൻ നാം തയ്യാറാവാത്ത പക്ഷം അല്ലാഹു തന്നെ നമ്മെ നശിപ്പിക്കുകയും ശേഷം അവന് പറ്റിയ ആളുകളെ നിയോഗിക്കുകയും ചെയ്യുന്നതാണ്.

(وَإِنْ تَتَوَلَّوْا يَسْتَبْدِلْ قَوْمًا غَيْرَكُمْ ثُمَّ لَا يَكُونُوا أَمْثَالَكُمْ (محمد)
يَاأَيُّهَا الَّذِينَ آمَنُوا مَنْ يَرْتَدَّ مِنْكُمْ عَنْ دِينِهِ فَسَوْفَ يَأْتِي اللَّهُ بِقَوْمٍ يُحِبُّهُمْ وَيُحِبُّونَهُ أَذِلَّةٍ عَلَى الْمُؤْمِنِينَ أَعِزَّةٍ عَلَى الْكَافِرِينَ يُجَاهِدُونَ فِي سَبِيلِ اللَّهِ وَلَا يَخَافُونَ لَوْمَةَ لَائِمٍ ذَلِكَ فَضْلُ اللَّهِ يُؤْتِيهِ (مَنْ يَشَاءُ وَاللَّهُ وَاسِعٌ عَلِيمٌ (المائدة)

ഖുതുബ നോട്ട്സ്
**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in

+91 94964 45823